പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.6697

09.07.2014 ൽ
മറുപടിയ്ക്ക്

## യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) സംസ്ഥാന യുവജനകമ്മീഷൻ 2014-15 സാമ്പത്തിക വർഷം യുവജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1.പട്ടികജാതി /ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.<br>2. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.<br>3. സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ.<br>4. യൂത്ത് ഐക്കൺ പദ്ധതി.<br>5. ജോബ് പോർട്ടൽ.<br>6. പ്രാദേശിക അദാലത്തുകൾ / സിറ്റിംഗുകൾ.<br>മുകളിൽ പറഞ്ഞ പദ്ധതികൾക്ക് പുറമെ, യുവജനങ്ങളുടെ അവകാശ നിഷേധവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ പരിശോധിച്ച് പരിഹാരശ്രമം നടത്തുന്നതിനും കമ്മീഷൻ യത്നിക്കുന്നുണ്ട്. യുവജനക്ഷേമ ബോർഡ് നടത്തുന്ന പരിപാടികളിൽ ഭൂരിഭാഗവും തുടർ പദ്ധതികളാണ്. 2014-15 സാമ്പത്തിക വർഷം ബോർഡ് കേരളോത്സവം, യുവശക്തി, യുവവികാസ്, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ,കരുതലും ക്ഷേമവും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൃഷി-പരിസ്ഥിതി, ദേശീയോദ്ഗ്രഥന പരിപാടികൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് ഭവൻ, പഠന ഗവേഷണകേന്ദ്രം, എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പദ്ധതികളാണ് നടത്തി വരുന്നത്. |

| | |
|---|---|
| (ബി) കലാ-കായിക മേഖലകളിൽ പ്രതിഭ തെളിയിക്കുന്ന യുവതീ-യുവാക്കൾക്ക് സർക്കാർ തലത്തിൽ **ജോലി** ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ